പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5826 — 09/07/2012 ൽ മറുപടിയ്ക്ക്

# റവന്യൂ കാര്യാലയങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. തിലോത്തമൻ : | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ ഓഫീസ് രേഖകളും ഭൂമി സംബന്ധമായ വിവരങ്ങളും പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ജനങ്ങൾക്ക് റവന്യൂ ഓഫീസുകളിൽ നിന്നും കൂടുതൽ വേഗത്തിലും കൃത്യതയോടെയും സേവനം ലഭിക്കുന്നതിനുമുള്ള നടപടികൾ ഏത് ഘട്ടം വരെയായിയെന്ന് വ്യക്തമാക്കുമോ; | (എ) | റവന്യൂ ഓഫീസ് രേഖകളും ഭൂമി സംബന്ധമായ വിവരങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെയും കൂടുതൽ വേഗത്തിലും കൃത്യതയോടെയും സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെയും ഭാഗമായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടു കൂടിയുള്ള രണ്ട് പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കി വരുന്നു. വില്ലേജ് ഓഫീസിൽ നിന്നും നൽകി വരുന്ന സർട്ടിഫിക്കറ്റുകളുടെ സേവനം ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി കണ്ണൂർ, പാലക്കാട് എന്നീ ജില്ലകളിൽ നടപ്പിലാക്കിയിട്ടുള്ളതും പ്രസ്തുത പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. ഭൂമി സംബന്ധമായ രേഖകളുടെ കമ്പ്യൂട്ടർ വൽക്കരണം സംസ്ഥാനത്തെ 9 ജില്ലകളിലെ റീസർവ്വെ പൂർത്തിയാക്കിയ 573 വില്ലേജുകളിൽ ആദ്യപടിയായി നടന്നു വരുന്നു. |
| (ബി) റവന്യൂ ഓഫീസുകളുടെ കമ്പ്യൂട്ടർ വൽക്കരണം എന്ന് പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ; കമ്പ്യൂട്ടറൈസേഷൻ ജോലികൾക്ക് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതി ആയതിനാൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കമ്പ്യൂട്ടർ വൽക്കരണം പൂർത്തിയാക്കാൻ സാധിക്കും. കമ്പ്യൂട്ടറൈസേഷൻ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റം, ഓഫീസ് മാറ്റം തുടങ്ങിയവ പ്രസ്തുത പദ്ധതികൾക്ക് തടസ്സമാകാറുണ്ട്. |

സെക്ഷൻ ഓഫീസർ